നം. 20/2017/SRG/CC/12

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.11.2017-ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

**യോഗം ഉച്ച കഴിഞ്ഞ് 2.00-ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം**

**1. പദ്ധതി പുരോഗതി അവലോകനം**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 01.11.2017 വരെയുള്ള പദ്ധതി പുരോഗതി യോഗം അവലോകനം ചെയ്തു. ആകെ ചെലവ് 27.83 ശതമാനമാണ്.

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 30.39 | ശതമാനം |
| ബ്ലോക്ക് പഞ്ചായത്ത് | - | 29.88 | ,, |
| മുനിസിപ്പാലിറ്റി | - | 28.65 | ,, |
| കോർപ്പറേഷൻ | - | 26.46 | ,, |
| ജില്ലാ പഞ്ചായത്ത് | - | 16.18 | ,, |
| | | -------- | |
| **ആകെ** | | 27.83 | |
| | | ===== | |

ഏറ്റവും ഉയർന്ന പദ്ധതി ചെലവ് തിരുവനന്തപുരം ജില്ലയിലും (30.44 ശതമാനം) ഏറ്റവും കുറവ് കോഴിക്കോട് ജില്ലയിലും ആണ് (24.71 ശതമാനം) എസ്.സി.എസ്.പി പദ്ധതിയുടെ ആകെ ചെലവ് 20.60 ശതമാനവും പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ആകെ ചെലവ് 21.14 ശതമാനവും ആണ്. ട്രഷറികളിൽ സമർപ്പിക്കപ്പെട്ട ബില്ലുകളിൽ 2,139 എണ്ണം ഇനിയും പാസാകാനുണ്ട്. അവയുടെ ആകെ തുക 76.94 കോടി രൂപയാണ്. ഏറ്റവുമധികം പെന്റിംഗ് ബില്ലുകൾ തിരുവനന്തപുരം ജില്ലയിലും (259 ബില്ലുകളിലായി 13.58 കോടി രൂപ) ഏറ്റവും കുറവ് വയനാട് ജില്ലയിലും (54 ബില്ലുകളിലായി 99.97 ലക്ഷം രൂപ) ആണ്.

നടപടി: - തദ്ദേശസ്വയംഭരണ (എഫ്.എം.) വകുപ്പ്)

2. **മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

2.2 13.09.2017-ലെ കോർഡിനേഷൻ കമ്മിറ്റിയോഗത്തിലെ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ

(I) **ഖണ്ഡിക നം.2.2.6**

**കാവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2017-ലെ കത്ത്**

കിണർ റീ ചാർജിംഗിനുള്ള യൂണിറ്റ് ചെലവ്, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(II) **ഖണ്ഡിക നം.2.2.7**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2017-ലെ 82/2017/DPO /Kannur നമ്പർ കത്ത്.**

സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും സാങ്കേതികാനുമതിക്കുമായി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ഉത്തരവ് ഒരാഴ്ചയ്ക്കകം ഇറക്കും

(നടപടി:- തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്)

3. **03.10.207-ലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

(III) **ഖണ്ഡിക നം.3.4**

നെൽകൃഷിക്ക് ജലസേചനത്തിന് പെട്ടി, പറ ഇവയോടൊപ്പം മോട്ടോർ കൂടി 100 ശതമാനം സബ്സിഡിയോടെ നൽകാനുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

(IV) **ഖണ്ഡിക 3.5**

സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാർഗരേഖ പ്രകാരം 50 ശതമാനമാണ് സബ്സിഡി നൽകാവുന്നത്. തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് കൈമാറിക്കിട്ടിയ ഇത്തരം പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനമൊരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകുന്നതു സംബന്ധിച്ച ഉത്തരവ്/ സർക്കുലർ - ഒരാഴ്ചയ്ക്കകം ഇറക്കും

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്

(V) ഖണ്ഡിക 3.6

കേന്ദ്ര ധനകാര്യ കമ്മീഷന്റെ പെർഫോർമൻസ് ഗ്രാന്റ് വിതരണം ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വിഭവ സമാഹരണ നേട്ടം വിലയിരുത്തു ന്നതിനുള്ള മാനദണ്ഡങ്ങളും പരിശോധനാക്രമവും തീരുമാനിക്കാൻ തദ്ദേശഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചെയർമാനും, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ സെൽ ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ അംഗങ്ങളായും സംസ്ഥാന ഓഡിറ്റ് ഡയറക്ടർ കൺവീനറായുമുള്ള കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(VI) **ഖണ്ഡിക 3.7**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി

തദ്ദേശഭരണ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുകയെ രണ്ടായി തിരിച്ച് 2017-18 വർഷത്തിനു മുൻപുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ (കാറ്റഗറി A), 2017-18 ലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ (കാറ്റഗറി B) സംബന്ധിച്ച വിവരങ്ങൾ. ഇതു സംബന്ധിച്ച വിവരങ്ങൾ ഐ.കെ.എം. അടുത്ത കോഓർഡിനേഷൻ കമ്മറ്റിയ്ക്കു മുമ്പ് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ , ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് നൽകണം.

പ്രാഥമിക കണക്കനുസരിച്ച് കെ.എസ്.ഇ.ബി.യിൽ 67.00 കോടി രൂപയും കേരള വാട്ടർ അതോറിറ്റിയിൽ 41.00 കോടിയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു.

(നടപടി:- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ
5) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

**(VII) ഖണ്ഡിക 3.9**

SSAക്ക് കഴിഞ്ഞവർഷം (2016-17) തദ്ദേശസ്ഥാപനങ്ങൾ നൽകിയ തുക, അതിന്റെ ചെലവ്, ഭൗതിക നേട്ടം എന്നിവ സംബന്ധിച്ച് വിലയിരുത്തുന്നതിന് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിലേയ്ക്ക് എസ്.എസ്.എ. പ്രോജക്ട് ഡയറക്ടറെയും ക്ഷണിക്കാൻ തീരുമാനിച്ചു.

(നടപടി:- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

4.11 **ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2016,01.02.2017 എന്നീ തീയതികളിലെ ED - 2325/15-ാം നമ്പർ കത്തുകളും കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 07.06.2017, 03.10.2017- എന്നീ തീയതികളിലെ യോഗ നടപടിയും (LSGD/DB3/159/2016- LSGD)**

ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്കൂളുകൾക്ക് ബസ്സ് വാങ്ങി നൽകാൻ 2015-16-ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. 23 സീറ്റിനും 30 സീറ്റിനും ഇടയിലുള്ള 10 വാഹനം വാങ്ങാനാണ് തീരുമാനമെടുത്തത്. ബസ് കമ്പനികളിൽ നിന്ന് നേരിട്ട് വാങ്ങാൻ തീരുമാനിച്ചു. കമ്പനി നൽകിയ സ്പെസിഫിക്കേഷനും വിലയും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Eicher - 24+1** സീറ്റ് (സ്റ്റാർ മോഡൽ) | - | 10,75,000/- രൂപ |
| **Mahindra - 24+1** സീറ്റ് (ടൂറിസ്റ്റർ മോഡൽ) | - | 11,33,900/- രൂപ |
| **Tata - 26+1** സീറ്റ് (സ്റ്റാർ ബസ്) | - | 12,99,623/- രൂപ |

08.07.2015-ലെ ഭരണസമിതിയുടെ തീരുമാനത്തിന് അനുസൃതമായ വാഹനം ടാറ്റാ കമ്പനിയുടെതാണെന്നതിനാൽ ടാറ്റയുടെ വാഹനം വാങ്ങാൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നു. കമ്പനിയിൽ നിന്നല്ലാതെ ഏജൻസി മുഖേന

വാങ്ങുകയാണെങ്കിൽ 11,19,623/- രൂപ നൽകിയാൽ മതിയെന്ന കാരണത്താൽ (ഒരു ബസിന് - 1,80,000 രൂപ കുറവ്) ടാറ്റയുടെ ഔദ്യോഗിക ഡീലർ ആയ പോപ്പുലർ മെഗാ മോട്ടേഴ്സ് (ഇന്ത്യ) യിൽ നിന്ന് 8 വാഹനം വാങ്ങി . സർക്കാർ അനുമതിയില്ലാതെയാണ് വാഹനം വാങ്ങിയത്. ഇതിന് സാധൂകരണം നൽകണമെന്ന ജില്ലാ പഞ്ചായത്തിന്റെ ആവശ്യം 07.06.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തുവെങ്കിലും ഈ വിഷയം കൂടുതൽ പഠിച്ച് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.10.2017-ലെ തീരുമാനപ്രകാരം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. ജില്ലാ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വന്നിട്ടില്ല എന്നും സാധൂകരണം നൽകാവുന്നതാണെന്നും യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

**തീരുമാനം :-** പഞ്ചായത്ത് ഡയറക്ടർ യോഗത്തിൽ റിപ്പോർട്ട് ചെയ്തതനുസരിച്ച് സാധൂകരണം നൽകുന്നു.

നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.13 **തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 18.09.2017-ലെ** DB7/8185/17/CE **തസ്വഭവ കത്തും പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.04.2017-ലെ കത്തും 03.10.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ നടപടിയും**

2014-15 വാർഷിക പദ്ധതിയിൽ ലോക ബാങ്ക് വിഹിതം ഉപയോഗിച്ച് കുറ്റിലക്കടവ് റോഡ് നിർമ്മാണത്തിന് 4.00 ലക്ഷം രൂപ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പായി ശ്രീ. എം.എം. ഹാഷിം എന്ന കോൺട്രാക്ടർ ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി. ഈ പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഈ കോൺട്രാക്ടർക്ക് പ്രവൃത്തി ചെയ്യാൻ കത്ത് നൽകുകയോ, കരാർ ഉടമ്പടി വയ്ക്കുകയോ സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയോ ചെയ്തിട്ടില്ല. ഇതിന്റെ തുക നൽകാമോ എന്ന് പഞ്ചായത്ത് പ്രസിഡന്റ് ചീഫ് എഞ്ചിനീയറോട് 10.04.2017-ൽ കത്തു മുഖേന ആരാഞ്ഞിരുന്നു. തുക ലഭിക്കാത്തതിനാൽ കോൺട്രാക്ടർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ബഹു. ഹൈക്കോടതിയുടെ 17.08.2017-ലെ WP cc 19327 (M) നമ്പർ ഉത്തരവു പ്രകാരം പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയോട് നിയമാനുസൃത നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരിക്കുന്നു. ഇതിന്മേൽ പരാതിക്കാരൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് അസി.എഞ്ചിനീയർ എന്നിവരുടെ ഹിയറിംഗ് നടത്താൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കുമെന്നും എന്ന് തീരുമാനിച്ചിരുന്നു.

കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ബന്ധപ്പെട്ടവരുമായി ഹിയറിംഗ് നടത്തിയെന്ന് പഞ്ചായത്ത് ഡയറക്ടർ യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരമാണ് പ്രവൃത്തി ചെയ്തത്. റോഡിന് ഗുണനിലവാരമുണ്ട് നടപടിക്രമങ്ങൾ പാലിച്ചില്ല. ഇവ പരിഗണിച്ച് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുക്കാൻ പഞ്ചായത്ത് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

**തീരുമാനം -** 1) ഈ രീതി ഇനി ആവർത്തിക്കരുത് എന്ന് പഞ്ചായത്തിനെ രേഖാമൂലം അറിയിക്കണം

2) പ്രവൃത്തിയുടെ വാല്യുവേഷൻ നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയർ നടത്തണം

3) പ്രവൃത്തി നടത്തിയപ്പോൾ ഉള്ള അസിസ്റ്റന്റ് എഞ്ചിനീയറോട് വിശദീകരണം ആരായണം.

4) വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും തുക നൽകാൻ അനുമതി നൽകുന്നു.

**(നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**
**3) പഞ്ചായത്ത് ഡയറക്ടർ)**

**4.17 കെൽട്രോൺ മാനേജിംഗ് ഡയറക്ടറുടെ കത്ത് (ലഭിച്ചത് 14.09.2017)**

പ്രത്യേക പരിഗണന അർഹിക്കുന്നവർക്കാവശ്യമായ (ഭിന്നശേഷി വിഭാഗക്കാർ) ശ്രവണ സഹായി, സഞ്ചാര സഹായ ഉപകരണങ്ങൾ തുടങ്ങി കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറും കെൽട്രോണിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങുന്നതിനുള്ള അനുമതി സംബന്ധിച്ച ഉത്തരവ്/സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

**നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**19.10.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**ഖണ്ഡിക 3.2**

തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന ചില സഹായങ്ങൾ ബി.പി.എൽ വിഭാഗങ്ങളെ കൂടാതെ വരുമാന പരിധിക്കു വിധേയമായി മറ്റു വിഭാഗത്തിനും നൽകാമെന്ന് മാർഗേരേഖയിൽ പറയുന്നുണ്ട്. ചില സഹായങ്ങൾക്ക് ചെറിയ തുകയാണ് സബ്സിഡിയായി ലഭിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ വരുമാന സർട്ടിഫിക്കറ്റിനു പകരം താഴെപ്പറയുന്ന രേഖകൾ പ്രകാരം ആനുകൂല്യം നൽകാവുന്നതാണ് എന്നതു സംബന്ധിച്ച സർക്കുലർ. ഇത് ഈ വർഷത്തേയ്ക്ക് മാത്രമായിരിക്കും ബാധകമായിരിക്കുന്നത്. ഒരാഴ്ച്ചക്കകം ഉത്തരവ് പുറപ്പെടുവിക്കും.

1) റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ
2) വരുമാനം സംബന്ധിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം

3) മറ്റ് ആവശ്യത്തിനു വാങ്ങിയ വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉണ്ടെങ്കിൽ അവ

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**ഖണ്ഡിക 3.3**

ഭവന നിർമ്മാണത്തിന്/ലൈഫ് മിഷന് വകയിരുത്തിയിരിക്കുന്ന തുക സർക്കാർ ഉത്തരവ് പ്രകാരം ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ വീടിന്റെ പൂർത്തീകരണത്തിന് ഉപയോഗിക്കണം. അതിനുശേഷം തുക ബാക്കിയുണ്ട് എങ്കിൽ ലൈഫ് മിഷന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മുൻഗണനാ ക്രമമനുസരിച്ച് വീട് വച്ചു നൽകുന്നതിന് ഉപയോഗിക്കാവുന്നതാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്ക് ഇതിന് ബാധകമായിരിക്കും. നിരക്ക് സംബന്ധിച്ച ഉത്തരവ് ഉടനെ പുറപ്പെടുവിക്കും. കൂടാതെ ലിസ്റ്റിലുള്ളവർക്ക് ഭവന നിർമ്മാണത്തിന് വസ്തു വാങ്ങി നൽകുന്നതിനും ഈ തുക ഉപയോഗിക്കാവുന്നതാണ്. ലൈഫ് മിഷൻ പ്രകാരം അംഗീകരിച്ച ലിസ്റ്റ് അനുസരിച്ച് വീടുകളുടെ പൂർത്തീകരണത്തിന് മതിയായ തുക പദ്ധതി ഭേദഗതി സമയത്ത് വകയിരുത്തണം. അപ്രകാരം മതിയായ തുക വാർഷിക പദ്ധതി ഭേദഗതി സമയത്ത് വകയിരുത്തിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പു വരുത്തണം. ഇതു സംബന്ധിച്ച ഉത്തരവ്/സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ)

**ഖണ്ഡിക 3.4**

ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിന് HOMCO-യിലേയ്ക്കും ആയുർവേദ മരുന്നു ലഭിക്കുന്നതിന് ഔഷധിയിലേയ്ക്കും പണമടച്ചാൽ മരുന്നു ലഭിക്കാൻ കാലതാമസമുണ്ടാകുന്നുണ്ട്. ഇതു പരിശോധിക്കുന്നതിന് HOMCO-യുടേയും ഔഷധിയുടേയും മാനേജിംഗ് ഡയറക്ടറുമായി പ്രത്യേകം ചർച്ചചെയ്യാൻ തീരുമാനിച്ചു.

ഇപ്രകാരം കാലതാമസമുണ്ടാകുന്നുവെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് അതാതു മെഡിക്കൽ ഓഫീസർക്ക് മരുന്ന് പുറമെ നിന്നു വാങ്ങാവുന്നതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**ഖണ്ഡിക 3.11**

ലൈഫ് മിഷൻ ഉത്തരവുപ്രകാരം 2016-17-ൽ PMAYയിൽ വീടു വയ്ക്കാൻ ധനസഹായം ലഭിച്ചവരുടെ ഇനിയും പൂർത്തിയാകാത്ത വീടുകൾ പൂർത്തീകരിക്കാൻ ലൈഫ് മിഷൻ ഉത്തരവ് പ്രകാരം ധനസഹായം ലഭിക്കില്ല. ഈ പോരായ്മ കൂടി പരിഹരിക്കണമെന്ന് ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡയറക്ടർ ആവശ്യപ്പെട്ടു. 2016-17 –ൽ (31.03.2016-നും 31.03.2017-നും ഇടയിൽ) PMAYപദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർക്ക് ഇനിയും വീടുപണി പൂർത്തീകരിക്കാനുണ്ടെങ്കിൽ അവർക്ക് ലൈഫ് മിഷൻ മാനദണ്ഡ പ്രകാരമുള്ള അധിക ധനസഹായം നൽകാവുന്നതാണ് എന്നതു സംബന്ധിച്ച ഉത്തരവ് – ഒരാഴ്ച്ചയ്ക്കകം ഉത്തരവിറങ്ങും.

(നടപടി:- 1)തദ്ദേശഭരണ (ഡി.ബി)വകുപ്പ്
2)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ)

ഖണ്ഡക 3.12

SCSP/TSP പദ്ധതി പുരോഗതിയുടെ ജില്ല തിരിച്ച റിപ്പോർട്ട് കൂടി (ശതമാനം) പ്രത്യേകമായി തദ്ദേശഭരണ വകുപ്പിന്റെ സൈറ്റിൽ ഇട്ടിട്ടുണ്ട്.

(നടപടി:- തദ്ദേശഭരണ (എഫ്.എം) വകുപ്പ്

ഖണ്ഡിക 4.37

**പഞ്ചായത്തു ഡയറക്ടറുടെ 15.09.17 ലെ J-272589/17-ാം നമ്പർ കത്തും കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.08.2017 – ലെ A2-560/14/17-ാം നമ്പർ കത്തും (LSGD-DA3/398/2017-LSGD)**

കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ എൽ.ഇ.ഡി തെരുവുവിളക്ക വാങ്ങൽ എന്ന പ്രോജക്ടിനെ സംബന്ധിച്ച് ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള ടെസ്റ്റ് റിപ്പോർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ എന്നിവിടങ്ങളിലെ സാങ്കേതിക ഉപദേശം എന്നിവയിന്മേൽ എന്തു തീരുമാനം എടുക്കണമെന്ന് നിർദ്ദേശിക്കുകയോ സെന്ററൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിക്കുന്നതിനായുള്ള ചെലവ് തനതുഫണ്ടിൽ നിന്നു വഹിക്കുന്നതിനായുള്ള സാമ്പത്തികാനുമതി ലഭ്യമാക്കുകയോ അല്ലെങ്കിൽ ടെണ്ടർ ക്യാൻസൽ ചെയ്ത് സ്പിൽഓവർ തുകയിൽ നിന്ന് ചെലവുചെയ്യുന്ന രീതിയിൽ റീടെണ്ടർ ചെയ്യുന്നതിനുള്ള അനുമതി നൽകുകയോ ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകും.

(നടപടി:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

## 3. പൊതുവിഷയങ്ങൾ

3.1 സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതു സ്ഥാപനങ്ങളിലെ കിണറുകൾ റീ ചാർജ്ജു ചെയ്യുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്. ഇതിന്റെ യൂണിറ്റ് നിരക്ക് നിശ്ചയിക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി

(നടപടി: 1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ)

3.2 ലൈഫ് പ്രോജക്ടുകൾ മുൻവർഷങ്ങളിൽ ഭവനനിർമ്മാണ പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതുപോലെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/എ.ഡി.സി. (ജനറൽ) എന്നിവർ വെറ്റ ചെയ്യേണ്ടതാണ് എന്ന് 03.10.17 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു. എ.ഡി.സി.ക്ക്( ജനറൽ) പകരം പി.എ.യു - ലെ പ്രോജക്ട് ഡയറക്ടറാണ് ജില്ലാ തലത്തിൽ ഇത്തരം പ്രോജക്ടുകൾ വെറ്റ ചെയ്യേണ്ടത്.

ഇതനുസരിച്ച് നിർദ്ദേശം ബന്ധപ്പെട്ടവർക്ക് ഗ്രാമവികസന കമ്മീഷണർ നൽകേണ്ടതാണ്.

(നടപടി: 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) ഗ്രാമവികസന കമ്മീഷണർ)

3.3 ജില്ലാതല അപ്പലേറ്റ് കമ്മിറ്റികളും നൂതന പ്രോജക്ടിനായുള്ള കമ്മിറ്റികളും പ്രോജക്ടുകൾ പരിഗണനയ്ക്ക് എടുക്കുമ്പോൾ മിക്കപ്പോഴും ''സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നു'' എന്ന് തീരുമാനം രേഖപ്പെടുത്താറുണ്ട്. ഇപ്രകാരം തീരുമാനമെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്. പ്രോജക്ടിന്മേൽ അംഗീകരിക്കുക, നിരസിക്കുക, ആവശ്യമെങ്കിൽ ഭേദഗതി നിർദ്ദേശിക്കുക ഈ രീതിയിൽ തീരുമാനമെടുക്കേണ്ടതാണ്. അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ കോഓർഡിനേഷൻ കമ്മിറ്റിക്ക് ശുപാർശ ചെയ്യേണ്ടതുള്ളൂ.

(നടപടി: 1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

3.4 2016-17 വർഷം 5.00 ലക്ഷം വരെയുള്ള പ്രോജക്ടുകൾ വേണമെങ്കിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാമായിരുന്നു. പുതിയ മാർഗരേഖ പ്രകാരം ഈ പരിധി 50,000/- രൂപയായി കുറച്ചു. പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 2016-17-ൽ അംഗീകാരം ലഭിച്ചതും 2017-18-ൽ സ്പിൽ ഓവറായി തുടരുന്നതുമായ പ്രോജക്ടുകൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കുന്നതെങ്കിൽ അടങ്കലിന്റെ പരിധി എത്രയാണെന്നതു സംബന്ധിച്ച് ആശയക്കുഴപ്പമുണ്ട്. ഇതിന്മേൽ താഴെപ്പറയും പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

''2017-18 വർഷം തുടരുന്ന മാറ്റമില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകൾ കരാർ വച്ച് നിർവഹണ ഘട്ടത്തിലേയ്ക്ക് കടന്നിട്ടുണ്ടെങ്കിൽ 2016-17-ലെ മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാവുന്നതാണ്. (5,00,000/- രൂപ വരെയുള്ള പ്രോജക്ടുകൾ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാം) എന്നാൽ കരാർ വയ്ക്കുന്ന ഘട്ടത്തിലെത്തിയിട്ടില്ലെങ്കിൽ (ഉദാ. സാങ്കേതികാനുമതി നൽകുന്ന ഘട്ടം.) 2017-18-ലെ പുതിയ മാർഗരേഖ പ്രകാരം നടപ്പാക്കണം. (50,000/ രൂപ വരെയുള്ള പ്രോജക്ടുകൾ മാത്രമേ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കാവൂ)''.

നടപടി: 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

3.5 പുതുതായി രൂപീകരിച്ച നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസർ ഇല്ലാത്തതിനാൽ എസ്.സി.എസ്.പി. പ്രോജക്ടിന്റെ നിർവഹണം നടത്തുന്നതിന് നിർവഹണ ഉദ്യോഗസ്ഥനെ നിശ്ചയിക്കുന്നതിൽ ആശയക്കുഴപ്പമുണ്ട്.

പുതുതായി പട്ടികജാതി വികസന ഓഫീസറെ നഗരസഭകളിൽ നിയമിക്കുന്നതുവരെ എസ്.സി.എസ്.പി. പ്രോജക്ടുകൾ ഏറ്റവും സമീപത്തുള്ള ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറെ നിർവഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കേണ്ടതാണ്. ഇതിന് ബിൽ ബുക്കും മറ്റും ലഭിക്കുന്നതിനുള്ള ക്രമീകരണം ധന വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്
2) ധനകാര്യ വകുപ്പ്
3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

3.6 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും പാടില്ല. എന്നാൽ മാർഗേരഖ പ്രകാരം നിലവിലെ റോഡിന്റെ പരിപാലന ത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തു കയാണെങ്കിൽ ഇവ അനുവദിക്കാവുന്നതാണ്.

(നടപടി:- 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ

3.7 കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവുകൾ/സർക്കുലർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് ഇറക്കേണ്ടതാണ്. ഇത് മോണിറ്റർ ചെയ്യുകയും ഉത്തരവുകൾ/ സർക്കുലറുകൾ മറ്റു തുടർ നടപടികൾ സ്വീകരിക്കാത്തവ ഏതൊക്കയാണെന്ന വിവരം പ്രിൻസിപ്പൽ സെക്രട്ടറിക്കു പ്രത്യേകമായി നൽകണം.

(നടപടി:-1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ്)

3.8 അടുത്ത കോഓർഡിനേഷൻ കമ്മിറ്റി മുതൽ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയെ കൂടാതെ ഓരോ സെക്ഷനിലേയും ഡെപ്യൂട്ടി സെക്രട്ടറി , അണ്ടർ സെക്രട്ടറി, ഡി.എ സെക്ഷനിലെ സെക്ഷൻ ഓഫീസർ എന്നിവരും കോഓർഡിനേഷൻ കമ്മിറ്റിയിൽ പങ്കെടുക്കണം.

(നടപടി:- തദ്ദേശസ്വയംഭരണ (എല്ലാ വകുപ്പുകളും) വകുപ്പ്)

3.9 തദ്ദേശഭരണ സ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയവയിൽ വിവിധ പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് ചെയ്യാനുള്ള തുക 31.12.2017-നകം നൽകണം. 31.12.2017-നു ശേഷം ഇപ്രകാരം ഡെപ്പോസിറ്റ് തുകകൾ സ്വീകരിക്കേണ്ടതില്ല എന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് – നോട് നിർദ്ദേശിച്ചു

(നടപടി:- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

.

3.10 കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ എന്നീ വകുപ്പുകൾ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി തീർക്കണം. എസ്റ്റിമേറ്റുകൾ കാലതാമസം ഒഴിവാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ സ്ഥാപനവുമായി കരാർ വയ്ക്കണം. കരാർ പ്രകാരം നിശ്ചിത തീയതിക്കകം പ്രവൃത്തി പൂർത്തിയാക്കണം.

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

3.11 എസ്.സി.എസ്.പി/ റ്റി.എസ്.പി പദ്ധതി നിർവഹണം കാര്യക്ഷമവും വേഗത്തിലും ആക്കുന്നതിന് ഒരു ആലോചനാ യോഗം ബഹു പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രിയുമായി 09.11.2017- ന് ഉച്ചകഴിഞ്ഞ് 2.30 മണിക്കു നടത്താൻ തീരുമാനിച്ചു. യോഗത്തിലേയ്ക്ക് എസ്.സി/എസ്.റ്റി വകുപ്പു മേധാവികളെ ക്ഷണിക്കണം

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

3.12 വനം/തോട്ടം മേഖലയിലുള്ള പഞ്ചായത്തുകളിൽ റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നതിൽ തടസ്സമുണ്ട്. ഇത്തരം പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ,റവന്യൂ ഉദ്യോഗസ്ഥർ, വനംവകുപ്പ് ഉദ്യോഗസ്ഥർ, ലേബർ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു യോഗം കൂടാൻ തീരുമാനിച്ചു.
ഈ പ്രശ്നം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വനം വകുപ്പുമന്ത്രിയെ കൂടി ഉൾപ്പെടുത്തി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

3.13 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് ഐ.കെ.എം.-ൽ നിന്ന് നൽകണം.

നടപടി:- ഇൻഫർമേഷൻ കേരള മിഷൻ

3.14 സ്കൂളുകളിൽ ഗുണപ്രദമായ കൂടുതൽ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന് നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ 2018-19 പദ്ധതി ആസൂത്രണ മാർഗരേഖയിൽ ഉൾപ്പെടുത്തണം.

നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

## 4. **പ്രത്യേക വിഷയങ്ങൾ**

### 4.1 **കോട്ടയ്ക്കൽ നഗരസഭാ ചെയർമാന്റെ 14.09.2017 – ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.10.2017-ലെ മിനിട്സും (ഖണ്ഡിക 3.10)**

ഹഡ്കോയിൽ നിന്നും 3.20 കോടി രൂപ വായ്പയെടുത്ത് ഭവനശ്രീ എന്ന ഭവനപദ്ധതിക്ക് സർക്കാർ 02.10.2016 ന് അനുമതി നൽകിയിരുന്നു. 16.03.2017 – ലെ 56/2017/തസ്വഭവ ഉത്തരവുപ്രകാരം എല്ലാത്തരം വീടുകൾക്കും വീടിന് തറവിസ്തീർണ്ണം 66 ചതുരശ്രമീറ്ററിൽ നിന്നും 25 ശതമാനം അധികരിക്കാമെന്ന നിബന്ധനയുള്ള

വിധേയമായി ശേഷിക്കുന്ന മുഴുവൻ തുകയും 31.03.2016 വരെ എഗ്രിമെന്റ് വച്ചവർക്ക് നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കോട്ടയ്ക്കൽ നഗരസഭയുടെ ഭവനശ്രീ പദ്ധതി ആരംഭിച്ചത് 02.10.2016 ന ശേഷമായതിനാൽ 31.03.2016 എന്ന കാലാവധി 31.12.2017 വരെയായി ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം** – അനുമതി നിരസിച്ചു. 31.03.2016 എന്ന തീയതി നീട്ടേണ്ടതില്ലെന്നു തീരുമാനിച്ചു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്)

**4.2 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്തുപ്രസിഡന്റിന്റെ 23.10.17 ലെ കത്തും 23.08.2017 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനവും**

പട്ടാമ്പി ബ്ലോക്കു പഞ്ചായത്ത് വൈദ്യുത ലൈൻ നീട്ടലിനുള്ള 7 പ്രോജക്ടുകൾ കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കു സമർപ്പിച്ചിരുന്നുവെങ്കിലും 23.08.2017- ലെ കോർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചിരുന്നു. എന്നാൽ ഇവയിൽ ഉൾപ്പെട്ടിരുന്ന താഴെപ്പറയുന്ന രണ്ടു പ്രോജക്ടുകൾ 2016-17 ൽ ആരംഭിച്ചവയായതിനാലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും പ്രത്യേക അനുമതി നൽകണമന്ന ആവശ്യം സംബന്ധിച്ച്.

1. പ്രോ.നം 91/17 ചകിരിയൻ പറമ്പ് – എടപ്പാലം ലൈൻ നീട്ടൽ - അടങ്കൽ 1,80,201/- രൂപ
2. പ്രോ.നം. 84/17. ചുണ്ടമ്പറ്റ നാട്യമംഗലം പ്രദേശം ലൈൻ നീട്ടൽ- അടങ്കൽ 40,000/- രൂപ

**തീരുമാനം** – അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**4.3 വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.10.17 ലെ A4-466/17/P3 നമ്പർ കത്ത്.**

വാർഷിക പദ്ധതിയിൽ വരിക്കാംകുന്ന് കയർ സഹകരണസംഘത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് 2,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. (പൊതുവിഭാഗം – പ്രോ.നം. 44/18). മാർഗ്ഗരേഖപ്രകാരം ''ധനസഹായം നൽകുന്ന വർഷത്തിനു തൊട്ടുമുമ്പുള്ള വർഷമെങ്കിലും സംഘം പ്രവർത്തനലാഭമുള്ളതായിരിക്കണം'' എന്നുണ്ട്. ഈ നിബന്ധന ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം** – നിരസിച്ചു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

4.4 **ഇലഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.10.2017 ലെ E2-1600/17-ാം നമ്പർ കത്ത്.**

2015 – 16 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന പ്രോജക്ട് നടപ്പാക്കി ബിൽതുക നൽകി.

1. വടക്കേക്കാലാപ്പടി – നികരിയിൽ റോഡ് കോൺക്രീറ്റിംഗ്
2. വാരണേത്തുപടി – മാനമ്പാറ-കൈതയ്ക്കൽ റോഡ് കോൺക്രീറ്റിംഗ്

ബിൽതുക നൽകിയ ഈ പ്രോജക്ടുകളുടെ റിടെൻഷൻ തുക യഥാക്രമം 15,327/- രൂപയും 18,809/- രൂപയും ആണ്. ഇത് തിരികെ നൽകാൻ തുക പ്രോജക്ടിൽ തന്നെ ഉൾപ്പെടുത്തുകയായിരുന്നു. ഇവ സ്പിൽ ഓവറായി തുടരാൻ വിട്ടുപോയി. ഈ തുക നൽകാൻ ഈ വർഷം പുതിയ പ്രോജക്ട് ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – വിശദാംശങ്ങൾ ഇല്ല. പരിഗണിച്ചില്ല.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.എ വകുപ്പ്).

4.5 **മങ്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് ( ലഭിച്ചത് 11.09.2017-ൽ)** (LSGD – FM3/422/17-LSGD)

ഗ്രാമപഞ്ചായത്തിലെ നെച്ചിനിക്കോട് പട്ടികജാതി കോളനിയിലേയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ കറണ്ട് ചാർജ്ജും മോട്ടോർ ഓപ്പറേറ്റർക്കുള്ള കൂലിയും പഞ്ചായത്തിൽ നിന്നും നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** ഗുണഭോക്തൃ സമിതിക്ക് കൈമാറിയ കുടിവെള്ള പദ്ധതിയാണെങ്കിൽ ഈ തുക പഞ്ചായത്തിൽ നിന്നും നൽകാവുന്നതല്ല.

**നടപടി:** (തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

4.6 **ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 23.09.2017-ലെ കത്ത്.** (LSGD – DC/502/2017-LSGD)

പൊന്നാനി നിയോജക മണ്ഡലത്തിലെ കനോലി കനാൽ നവീകരണത്തിന് പെരുമ്പടപ്പ്, വെളിയങ്കോട്, മാറഞ്ചേരി എന്നീ ഗ്രാമപഞ്ചായത്തുകൾക്കും പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിനും പൊന്നാനി മുനിസിപ്പാലിറ്റിക്കും തുക മാറ്റി വയ്ക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം-** അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

**4.7 ബഹു. മങ്കട എം.എൽ.എ.യുടെ 17.10.2017-ലെ 190/Mankada/2016-ാം നമ്പർ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.10.2017-ലെ കത്തും**

വള്ളിക്കാപ്പറ്റിയിൽ പ്രവർത്തിക്കുന്ന കേരള അന്ധ വിദ്യാലയം എന്ന എയ്ഡഡ് സ്കൂളിന് കെട്ടിടം പണിയുന്നതിന് ജില്ലാ പഞ്ചായത്ത് 2017-18-ൽ 40,94,109/- രൂപ (പ്രോജക്ട് നമ്പർ 1599/18) വകയിരുത്തിയുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നിരസിച്ചു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.8 എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.09.2017-ലെ DP(G) 2521/17 നമ്പർ കത്ത്**

താഴെപ്പറയുന്നവ കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനും സാധൂകരണത്തിനും സമർപ്പിക്കുന്നു.

1) 2017-18 –ൽ 'ക്ഷീര വർദ്ധിനി' എന്ന പേരിൽ പശുക്കളെ വാങ്ങുന്നതിന് ക്ഷീര സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് റിവോൾവിംഗ് ഫണ്ടു നൽകാൻ 1.00 കോടി രൂപയുടെ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. (പ്രോ.നം. 692/18) ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ട് കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇനിയും പരിഗണിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

2) 2016-17-ൽ ക്ഷീര സംഘങ്ങൾ വഴി ക്ഷീര കർഷകർക്ക് റിവോൾവിംഗ് ഫണ്ട് നൽകാൻ 2.50 കോടി രൂപ വകയിരുത്തി ജില്ലാ ആസൂത്രണസമിതി അനുമതിയോടെ പ്രോജക്ട് നടപ്പാക്കി. (പ്രോ.നം. 1173/17) ഇതിന് സാധൂകരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച് .

**തീരുമാനം** – മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.9 എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.09.2017-ലെ DP-15-2696/17-ാം നമ്പർ കത്തും 16.09.2017-ലെ 5(3)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ലക്ഷ്മി.എം.റ്റി. പാലക്കത്തറ, നട്ടുവട്ടം.പി.ഒ നവോദയപുരം എന്ന കുട്ടിക്ക് കാനഡയിൽ Cape Breton University-യിൽ Bachelor of Engineering Technology ( Petroleum)ക്ക് അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. ഈ കോഴ്സിന്റെ ഫീസ് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം -** അനുമതി നല്കുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.10 എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 27.09.2017-ലെ DP-15-2696/17-ാം നമ്പർ കത്തും 16.09.2017-ലെ 5(3)-ാം നമ്പർ ഭരണസമിതി തീരുമാനവും**

ശ്രുതി. കെ.ആർ, കഴിക്കോട്ടിൽ ഹൗസ്, ആയവന എന്ന കുട്ടിക്ക് പോളണ്ടിൽ Lazarski University – യിൽ Msc (International Business Economics) ൽ പ്രവേശനം ലഭിച്ചു. ഈ കോഴ്സിന്റെ ഫീസ് അനുവദിക്കണമെന്നതു സംബന്ധിച്ച്

**അഭിപ്രായക്കുറിപ്പ്-** അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.11 മുളകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 12.10.2017-ലെ കത്ത്**

മുളകുളം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ 37,00,000/- രൂപ വകയിരുത്തി പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം.59/18) ഈ പ്രോജക്ട് വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. താലൂക്ക് ആശുപത്രികൾക്ക് മുകളിലോട്ടുള്ള ആശുപത്രികളിൽ മാത്രമേ ഡയാലിസ് യൂണിറ്റ് സ്ഥാപിക്കാവൂ എന്ന് സർക്കാർ നിർദ്ദേശമുള്ളതിനാൽ അപ്പലേറ്റ് കമ്മിറ്റിയും പ്രോജക്റ്റിന് അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം -** ഇതു സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ/ ആരോഗ്യ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശം പാലിക്കേണ്ടതാണ്.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ഡി)വകുപ്പ്)

**4.12 നരിക്കുനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.09.2017-ലെ A1-PLAN/2017-ാം നമ്പർ കത്ത്.**

ചെങ്ങോട്ട് പൊയിൽ എ.എം.എൽ.പി. സ്കൂളിന് (എയ്ഡഡ് സ്കൂൾ) കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിന് ഒരു മുറി നിർമ്മിക്കുന്നതിന് 1.00 ലക്ഷം രൂപ വകയിരുത്തി ഒരു പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്. ഈ സ്കൂൾ എയ്ഡഡ് സ്കൂളായിരുന്നുവെങ്കിലും 10 വർഷത്തിലേറെയായി വിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് പ്രവർത്തിപ്പിക്കുന്നത്.

**തീരുമാനം -** അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.13 കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.10.2017-ലെ A2-88/2017-ാം നമ്പർ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "മുന്നേറ്റം" എന്ന പ്രോജക്ട് കായിക വികസനത്തിനായി എടുത്തിട്ടുണ്ട്. പ്രോ.നം.103/17 . അടങ്കൽ 12,00,000/- രൂപ. ഇത് വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. ഓണറേറിയം നൽകാവുന്നതല്ല എന്ന കാരണത്താൽ സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും നിരസിച്ചു. അനുമതി സംബന്ധിച്ച്.

**തീരുമാനം -** അപ്പലേറ്റ് കമ്മിറ്റി നിർദ്ദേശിച്ചതുപോലെ പ്രോജക്ടിലെ അടങ്കൽ ഏതൊക്കെ ആവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്നു വ്യക്തമാക്കി പ്രോജക്ടിൽ ഉൾപ്പെടുത്തി സമർപ്പിക്കണം. പിന്നീട് പരിഗണിക്കും

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.14 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2017-ലെ 500/17/DPO/PKD/DPC നമ്പർ കത്ത് (കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച്)**

കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് എൽ.പി. സ്കൂളിലെ കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകാൻ 2,00,000/- രൂപ വകയിരുത്തിയിരുന്നു. നൂതന പ്രോജക്ടിന്റെ ഗണത്തിൽപ്പെടുത്തിയ ഇതിന് ജില്ലാതല കമ്മിറ്റി അംഗീകാരം നൽകിയില്ല. 981 കുട്ടികൾക്കാണ് വാട്ടർ ബോട്ടിൽ നൽകുന്നത്. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം -** അനുമതി നിരസിച്ചു. സ്കൂളുകളിൽ വാട്ടർ പ്യൂരിഫെയർ നൽകുന്നത് പരിഗണിക്കേണ്ടതാണ്.

**നടപടി:** (തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**4.15 പന്തലായിനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 28.10.2017)**

ബ്ലോക്ക് പഞ്ചായത്ത് താഴെപ്പറയുന്ന പ്രോജക്ടുകൾ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 86/18 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (ജനറൽ) | 12,55,916/- |
| 2 | 10/18 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (വനിത) | 12,00,000/- |
| 3 | 14/18 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.സി.എസ്.പി)) | 26,55,916 |

ഗ്രാമ പഞ്ചായത്തുകൾ ഇത്തരം പ്രോജക്ടുകൾ എടുത്തിട്ടില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്തിലെ ഡയറി ഫാം ഇൻസ്ട്രക്ടർമാർ മുഖേന നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

## 4.16 കൊറ്റനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.10.2017-ലെ A5-4722/17-ാം നമ്പർ കത്ത്

താഴെപ്പറയുന്ന പ്രോജക്ടുകൾ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ക്വട്ടേഷൻ മുഖേന പ്രവൃത്തി നടപ്പാക്കി. സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി സമയബന്ധിതമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി അടിയന്തിരമായി പ്രോജക്ട് നടപ്പാക്കേണ്ടി വന്നതിനാൽ ഇവയ്ക്ക് ഇലക്ട്രിക്കൽ വിംഗിന്റെ സാങ്കേതിക അനുമതി വാങ്ങിയില്ല. അതിനാൽ ബിൽ തുക നൽകാൻ കഴിയുന്നില്ല. ഈ പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 116/17 | അങ്കണവാടി നം.109 വൈദ്യുതീകരണം | 20,000/- |
| 2 | 117/17 | ” 113 ” | 20,000/- |
| 3 | 118/17 | ” 124 ” | 20,000/- |
| 4 | 119/17 | ” 115 ” | 20,000/- |
| 5 | 120/17 | ” 125 ” | 20,000/- |
| 6 | 122/17 | ” 103& 104 ” | 32,094/- |

**തീരുമാനം-** ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക അനുമതി , ചെക്ക് മെഷർമെന്റ് എന്നിവയ്ക്ക് ജില്ലാതലത്തിൽ ഒരു കമ്മിറ്റി 22.09.2015-ലെ 2878/15/തസ്വഭവ നമ്പറായി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയ ഈ കമ്മിറ്റി മുകളിൽ പറഞ്ഞ പ്രവൃത്തികൾ പരിശോധിച്ച് വാല്യുവേഷൻ നടത്തി അതിന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു. ഇപ്രകാരം ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ഇലക്ട്രിക്കൽ എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാവുന്നതാണ്.

**നടപടി:** (തദ്ദേശസ്വയംഭരണ (ഇ. ഡബ്ല്യൂ) വകുപ്പ്)

**4.17 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.09.2017-ലെ** P6-2030/17-ാം **നമ്പർ കത്ത്.**

നാളികേര ഉത്പാദക കമ്പനികൾക്ക് ധനസഹായം നൽകുന്നതിന് 60,00,000/- രൂപ വകയിരുത്തി പ്രോജക്ട് 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇവയ്ക്ക് വെറ്റിംഗ് ഓഫീസർ അപ്പലേറ്റ് കമ്മിറ്റിയും അംഗീകാരം നൽകിയില്ല. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം-** അനുമതി നൽകുന്നു. മാർക്കറ്റിംഗ് പ്രവർത്തന സംബന്ധമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉൽപാദക കമ്പനികൾ തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് സമർപ്പിക്കണം. അടുത്ത മൂന്ന് വർഷക്കാലത്തെ പ്രവർത്തന വിറ്റുവരവ് അടക്കമുള്ള വിശദാംശങ്ങൾ ജില്ലാ പഞ്ചായ ത്തിനു നൽകണം. ഫണ്ട് വിനിയോഗം ഓഡിറ്റിനു വിധേയമാക്കണം.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**4.18 ഇടുക്കി ജില്ലാ കളക്ടറുടെ 19.09.2017-ലെ 50/17/**DPC/DPO/IDK **നമ്പർ കത്തും ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2017-ലെ കത്തും**

2014-15 വർഷം ഭവന നിർമ്മാണത്തിനു ധനസഹായം നൽകിയിരുന്നു. ഇത്തരം വീടുകൾ പൂർത്തിയായി. അവസാന ഗഡു നൽകുന്ന ഘട്ടത്തിലാണ്. ഈ ഭവനങ്ങളിൽ കക്കൂസ് നിർമ്മിക്കുന്നതിനായി ശുചിത്വ മിഷനിൽ നിന്ന് ധനസഹായം പ്രതീക്ഷിച്ചിരുന്നുവെങ്കിലും ലഭിച്ചില്ല. ഈ വീടുകളിലൊക്കെ കക്കൂസ് നിർമ്മിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് കക്കൂസ് പണിതതിന് പ്രത്യേകമായി ധനസഹായം നൽകാനായി ആകെ 39.10 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** പ്രോജക്ട് വിശദാംശങ്ങൾ സമർപ്പിച്ചിട്ടില്ല. ഇവ കൂടി ലഭിച്ചതിനുശേഷം പിന്നീട് പരിഗണിക്കും

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**4.19 കോഴിക്കോട് ജില്ലാ കളക്ടറുടെ 19.09.2017-ലെ 41121/P/DPO/DPC/KKD- നമ്പർ കത്ത് (കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച്)**

താഴെപ്പറയുന്ന പ്രോജക്ട് നൂതന ഗണത്തിൽ ഉൾപ്പെടുത്തി അംഗീകാരത്തിനു സമർപ്പിച്ചിട്ടുണ്ട്.

| **പ്രോജക്ട് നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ** |
|---|---|---|
| 2/17 | യുവ-യൂത്ത് അപ്പ് ലിഫ്റ്റ്മെന്റ് ഓഫ് വാല്യൂസ് & എബിലിറ്റി (യുവജന മൂല്യങ്ങളുടേയും ശേഷികളുടേം ഉന്നതി) | 8,00,000/രൂപ |

വിദ്യാർത്ഥികളിലും യുവജനങ്ങളിലും സംരംഭകത്വ ശേഷി വികസനം, വിജ്ഞാന വ്യാപനം, ആരോഗ്യ മാനസിക പരിപോഷണം കരിയർ ഡെവലപ്മെന്റ് എന്നിവയാണ് പ്രവർത്തനം

മാർഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ സാധിക്കുകയില്ലെന്നും ധനകാര്യ വിശകലനം വ്യക്തമല്ല എന്നും ചൂണ്ടിക്കാട്ടി പ്രോജക്ട് നിരസിച്ചു. അനുമതി സംബന്ധിച്ച്

**തീരുമാനം -** വിശദാംശങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തി സമർപ്പിക്കണം. പിന്നീട് പരിഗണിക്കുന്നതാണ്. 8.00 ലക്ഷം രൂപ ഇതിനായി വകയിരുത്തേണ്ടതില്ലെന്ന് യോഗം നിരീക്ഷിച്ചു

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

**4.20 പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.10.2017-ലെ B-1334/2017-ാം നമ്പർ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾക്ക് യന്ത്രസാമഗ്രികൾ നൽകുന്നതിന് വേണ്ടി വികസനഫണ്ടിൽ നിന്ന് ആകെ 24.00 ലക്ഷം രൂപ വകയിരുത്തി മൂന്ന് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (പ്രോ.നം. 88, 94, 95 ) നിർവ്വഹണ ഉദ്യോഗസ്ഥനായി വ്യവസായ എക്സ്റ്റൻഷൻ ഓഫീസറെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഖാദി ബോർഡ് പ്രോജക്ട് ഓഫീസറെ നിർവഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കണമെന്ന് ജില്ലാതല അപ്പീൽ കമ്മിറ്റി നിർദ്ദേശിച്ചു. ബ്ലോക്ക് പഞ്ചായത്തിന് ഖാദിബോർഡിന്റെ ഉദ്യോഗസ്ഥൻ നിർവ്വഹണ ഉദ്യോഗസ്ഥൻ അല്ലാത്തതിനാൽ പ്രോജക്ട് ഭേദഗതി ചെയ്യാൻ

കഴിയുന്നില്ല. ഖാദി ബോർഡ് പ്രോജക്ട് ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിച്ച് പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുമതി സംബന്ധച്ച്.

**തീരുമാനം** – അനുമതി നൽകുന്നു ഇതിനുള്ള ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം

(നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകപ്പ്

2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം).

**4.21 കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 24.10.2017 ലെ 82/2017 ഡി.പി.ഒ/കണ്ണൂർ നമ്പർ കത്ത് (പയ്യന്നൂർ ബ്ലോക്ക പഞ്ചായത്തിനേയും മാങ്ങാട്ടിടം ഗ്രാമപഞ്ചയത്തിനേയും സംബന്ധിച്ച്) താഴെപറയുന്നവ കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയിരിക്കുന്നു.**

i) പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ 7.83 ലക്ഷം രൂപ ജൈവ പച്ചക്കറി നടീൽ വസ്തുക്കൾ വിതരണത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് ബ്ലോക്ക പഞ്ചായത്തിന് ഏറ്റെടുക്കാൻ പാടില്ല എന്ന കാരണത്താൽ വെറ്റിംഗ് ഓഫീസറും ജില്ലാതല അപ്പീൽ കമ്മിറ്റിയും അംഗീകാരം നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം** – ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി പരിഗണിക്കാവുന്നതാണ്.

(നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകപ്പ്

ii) മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തിൽ അസി. എഞ്ചിനീയർ ഇല്ലാതെ വന്നപ്പോൾ ഈ വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി പ്രോജക്ട് ഭേദഗതി ചെയ്തു. പുതിയ അസി. എഞ്ചിനീയർ ചാർജ്ജെടുത്തപ്പോൾ ഈ പ്രോജക്ടുകൾ വീണ്ടും ഭേദഗതി ചെയ്ത് അസി.എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കുന്നതിനു സുലേഖ സോഫ്റ്റ് വെയറിൽ സാധിക്കുന്നില്ല. ഇതിനു പ്രത്യേക ക്രമീകരണം നടത്തണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം** – അനുമതി നൽകുന്നു. ഇതിനുള്ള ക്രമീകരണം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ചെയ്യണം.

. (**നടപടി:-** എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം).

4.22 **താനൂർ നഗരസഭാ ചെയർപേഴ്സന്റെ 19.10.2017 – ലെ G2-3131/17-ാം നമ്പർ കത്ത് (DA1-821/2017-:LSGD)**

താനൂർ നഗരസഭയിൽ പട്ടികജാതി വിഭാഗം പ്രോജക്ടുകൾ (ലാപ് ടോപ് നൽകൽ, പഠനമുറി, എസ്.സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുടങ്ങിയവ) നടപ്പാക്കാൻ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ കൂടിയായ താനൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ തയ്യാറാകുന്നില്ല. ഈ പ്രോജക്ടുകൾ നിർവ്വഹണം നടത്താൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം**
1) നഗരസഭയിൽ പുതിയ പട്ടികജാതി വികസന ഓഫീസറെ നിയമിക്കുംവരെ താനൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണ്
2) ബിൽ ബുക്ക് സംബന്ധിച്ച ക്രമീകരണം ധനകാര്യ വകുപ്പ് നടത്തുന്നതാണ്.
3) പൊതു തീരുമാനം ഖണ്ഡിക 3.5 ബാധകമാണ്.

(**നടപടി:-** 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)
**2**)പട്ടികജാതി വികസന ഡയറക്ടർ.
3) ധനകാര്യ വകുപ്പ് ഡയറക്ടർ

4.23 **അടൂർ മുനിസിപ്പൽ ചെയർപേഴ്സന്റെ 06.10.2017 ലെ കത്ത്** (LSGD-DA1-806/2017/LSGD)

താഴെ പറയുന്ന പ്രോജക്ടുകൾ 2016-17-ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് എടുത്തിരുന്നു. ഇവ 2017-18 വർഷം സ്പിൽ ഓവറായി തുടരുന്നു. ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാനാണ് നിശ്ചയിച്ചിരുന്നത്. 31.03.2017 നു മുമ്പ് സാങ്കേതിക അനുമതി വാങ്ങിയില്ല. പുതിയ മാർഗ്ഗരേഖ പ്രകാരം 50,000/- രൂപയിലധികം തുകയുള്ള പ്രോജക്ടുകൾ ടെണ്ടർ ചെയ്യണമെന്നതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതിക അനുമതി നൽകുന്നില്ല. ഇതിന്മേൽ നിർദ്ദേശമുണ്ടാകണമെന്നതു സംബന്ധിച്ച്

| ക്രമ നമ്പർ | പ്രോ.നം | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|---|
| 1 | 86/17 | കുമ്പിളം വിളറോഡ് കോൺക്രീറ്റിംഗ് | 2,00,000/- |
| 2 | 105/17 | മഠത്തിലയ്യത്ത് പടിറോഡ് കോൺക്രീറ്റിംഗ് | 2,00,000/- |
| 3 | 106/17 | ചരുവിൽ പാച്ച മുരുപ്പേൽ റോഡ് കോൺക്രീറ്റിംഗ് | 2,00,000/- |
| 4 | 88/17 | അയത്തിൽപ്പടി മൂന്നാളം റോഡ് കോൺക്രീറ്റിംഗ് | 2,00,000/- |

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 3.4 ഉം ഖണ്ഡിക 3.6 ഉം ബാധകമാണ്.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.24 പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.09.2017 ലെ** A1-4693/17-ാം **നമ്പർ കത്ത്**

സ്കൂൾകുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിന് 13,00,000/- രൂപ വകയിരുത്തി (പ്രോ.നം. 310/17) പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മാർഗ്ഗരേഖപ്രകാരം സർക്കാർ സ്കൂളുകളിൽ 7-ാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഗ്രാമപഞ്ചായത്ത് മുഖേന പ്രഭാതഭക്ഷണം നൽകാവുന്നത്. ഇത് 7-ാം ക്ലാസ്സുവരെ പഠിക്കുന്ന എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്കും നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം –** അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.25 പത്തനാപുരം പാലരുവി പ്രൊഡ്യൂസർ കമ്പനി ചെയർമാന്റെ 11.10.2017-ലെ 5/2017/**L/PFPC

പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഉൽപാദനക്ഷമതയേറിയ നടീൽ വസ്തുക്കൾ, ജൈവവളം, കീടനാശിനികൾ എന്നിവ ഉത്പാദിപ്പിക്കുന്നുണ്ട്. കൊല്ലം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവശ്യമായ നടീൽ വസ്തുക്കൾ, ഉൽപാദനോപാദികൾ, സസ്യ സംരക്ഷണ സാമഗ്രികൾ തുടങ്ങിയവ ഈ കമ്പനിയിൽ നിന്ന് ക്വട്ടേഷൻ/ടെണ്ടർ ഇല്ലാതെ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം –** നടീൽ വസ്തുക്കളുടേയും സാധന സാമഗ്രികളുടേയും ഗുണനിലവാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ കൃഷി ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി കൃഷി വകുപ്പ നിശ്ചയിക്കുന്ന വില പ്രകാരം വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.26 പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17.08.2017-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.10.2017-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.10)**

പറക്കോട് ബ്ലോക്ക് പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ കട്ടിലും കിടക്കയും നൽകുന്നതിന് പൊതു വിഭാഗത്തിൽ 21,24,000/- രൂപയും എസ്.സി.എസ്.പിയിൽ 14,22,000/- രൂപയും വകയിരുത്തി. പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതു നടപ്പാക്കാനുള്ള അനുമതി കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.10.2017-ൽ പരിഗണിക്കുകയും ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം കട്ടിൽ മാത്രം നൽകാൻ അനുമതി നൽകുകയും ചെയ്തു.

ഇതു പറയും പ്രകാരം തിരുത്തൽ വരുത്താൻ തീരുമാനിച്ചു.

**തീരുമാനം -** ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം പട്ടികജാതി വിഭാഗത്തിനു മാത്രം കട്ടിൽ നൽകാൻ അനുമതി നൽകുന്നു. കിടക്ക നൽകാവുന്നതല്ല

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.27 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 10.10.2017-ലെ കത്ത്**

മലപ്പുറം ജില്ലാ പഞ്ചായത്ത് മുൻ വർഷങ്ങളിൽ നടപ്പാക്കിയ 'വിജയഭേരി' എന്ന പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം -** മുൻ വർഷങ്ങളിൽ നടപ്പാക്കിയ പ്രോജക്ടായതിനാൽ അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ ഡി.ബി) വകുപ്പ്)

**4.28 പൂതാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.08.2017-ലെ കത്ത്**

2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വോളിബോൾ അക്കാദമി രൂപീകരണം - സാംസ്കാരിക നിലയങ്ങൾ മുഖേന (പ്രോ.നം. 250/17) എന്ന പ്രോജക്ട് 2017-18ലും തുടരുന്നു. പുതിയ മാർഗരേഖയിൽ ഈ പ്രോജക്ടിനെക്കുറിച്ച് പറഞ്ഞിട്ടില്ലാത്തതിനാൽ പ്രോജക്ട് പൂർത്തിയാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം -** അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**4.29 വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ 05.10.2017-ലെ VCFPCC/ADMN/067/17-18 –ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.10.2017-ലെ തീരുമാനവും (ഖണ്ഡിക 4.7)**

നാളികേരത്തിൽ നിന്ന് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന കമ്പനിയായ Vadakara Coconut Farmers Producer Company Ltd (VCFPCL) – യുടെ പ്രവർത്തനം വിപുലപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്പാദന മേഖലയിൽ നിന്നും 6.00 ലക്ഷം രൂപ വീതം അനുവദിക്കാൻ നിർദ്ദേശം നൽകണമെന്നു സംബന്ധിച്ച്. 19.10.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇത് ചർച്ച ചെയ്യുകയും പ്രിൻസിപ്പൽ സെക്രട്ടറിയുടെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിരുന്നു. താഴെപ്പറയുന്ന തീരുമാനം എടുത്തു.

**തീരുമാനം –** അനുയോജ്യമായ പ്രോജക്ട് തയ്യാറാക്കി അതിലേയ്ക്ക് കമ്പനിയുടെ പ്രവർത്തന മേഖലയിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക നൽകാവുന്നതാണ്. ഇത് പ്രധാനമായും അംഗങ്ങളായ കർഷകരിൽ നിന്ന് നാളികേരം സംഭരിച്ച്, സംസ്കരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ട പ്രവർത്തന മൂലധനത്തിനായി റിവോൾവിംഗ് ഫണ്ടായി നൽകാൻ അനുമതി നൽകുന്നു.

**നടപടി:** (തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

യോഗം വൈകിട്ട് 5.00 മണിക്ക് അവസാനിച്ചു.

********